**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 212** **10-06-2024 - ൽ മറുപടിയ്ക്ക്**

**ചെലേമ്പ്ര കുടുംബാരോഗ്യകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സംസ്ഥാന ബജറ്റിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ ചെലേമ്പ്ര കുടുംബാരോഗ്യകേന്ദ്രത്തിന് വകയിരുത്തിയ 5 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | ചേലേമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 12.11.2023-ൽ, 5 കോടി രൂപയുടെ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിരുന്നു. എന്നാൽ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചപ്പോൾ പ്ലാനിൽ ഒന്നാം നിലയിൽ മേജർ ഓപ്പറേഷൻ തീയേറ്റർ നിർദ്ദേശിച്ചിരുന്നുവെന്നു കണ്ടു. എന്നാൽ ആർദ്രം മാനദണ്ഡമനുസരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒ.റ്റി. അനുവദനീയമല്ലാത്തതിനാലും വികലാംഗസൗഹൃദ ടോയ് ലറ്റുകൾ താഴത്തെ നിലയിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നതിനാലും ആർദ്രം മാനദണ്ഡം അനുസരിച്ചുള്ള പുതുക്കിയ പ്ലാൻ പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 16.12.2023-ൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ കത്ത് നൽകിയിരുന്നു. നവീകരിച്ച പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | മേൽ പ്രവൃത്തിക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സമയക്രമം പാലിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; 12.11.23-ൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ആരോഗ്യ വകുപ്പിന് നൽകിയ പ്രപ്പോസൽ 6 മാസം കഴിഞ്ഞിട്ടും സർക്കാരിലേക്ക് സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം പരിശോധിക്കുമോ; | (ബി) | ചേലേമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 12.11.2023-ൽ, 5 കോടി രൂപയുടെ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിരുന്നു. എന്നാൽ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചപ്പോൾ പ്ലാനിൽ ഒന്നാം നിലയിൽ മേജർ ഓപ്പറേഷൻ തീയേറ്റർ നിർദ്ദേശിച്ചിരുന്നുവെന്നു കണ്ടു. എന്നാൽ ആർദ്രം മാനദണ്ഡമനുസരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒ.റ്റി. അനുവദനീയമല്ലാത്തതിനാലും വികലാംഗസൗഹൃദ ടോയ് ലറ്റുകൾ താഴത്തെ നിലയിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നതിനാലും ആർദ്രം മാനദണ്ഡം അനുസരിച്ചുള്ള പുതുക്കിയ പ്ലാൻ പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 16.12.2023-ൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ കത്ത് നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | നവീകരിച്ച പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ബജറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകി നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യം പരിശോധിക്കാനും മോണിറ്റർ ചെയ്യുവാനും നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ മേൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിർമ്മാണ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ പരിശോധിക്കാനും മോണിറ്റർ ചെയ്യാനും അഡീഷണൽ ആരോഗ്യ വകുപ്പ് ഡയറക്ടർ (പ്ലാനിംഗ്)-ന്റെ നേതൃത്വത്തിൽ പൊതുമരാമത്ത് വിഭാഗം എൻജിനീയറിംഗ് ലെയ്സൺ ഓഫീസർ ഉൾപ്പെടെയുള്ള ഒരു ടീം പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | മേൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിർമ്മാണ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ പരിശോധിക്കാനും മോണിറ്റർ ചെയ്യാനും അഡീഷണൽ ആരോഗ്യ വകുപ്പ് ഡയറക്ടർ (പ്ലാനിംഗ്)-ന്റെ നേതൃത്വത്തിൽ പൊതുമരാമത്ത് വിഭാഗം എൻജിനീയറിംഗ് ലെയ്സൺ ഓഫീസർ ഉൾപ്പെടെയുള്ള ഒരു ടീം പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ